**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ് - മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും നൽകുന്ന അടിയന്തിര സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്**

**സ.ഉ.(കൈ)നം.294/2017/പൊ.ഭ.വ തീയതി, തിരുവനന്തപുരം : 16/09/2017**

---

പരാമർശം:-
1. 05.06.2004 ലെ സ.ഉ (എം.എസ്) 123/04/പൊഭവ നമ്പർ ഉത്തരവ്
2. 20.09.2011 ലെ സ.ഉ (സാധാ) നം.7095/11 പൊഭവ നമ്പർ ഉത്തരവ്
3. 13.07.17 ലെ സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ B6-9388/IFAProposal/2017/DSW നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

യുദ്ധം, യുദ്ധസമാന സാഹചര്യങ്ങളിൽ വീരമൃത്യു വരിക്കുന്ന ജവാന്മാരുടേയും, പാരാമിലിട്ടറി ഗ്രൂപ്പ് സേനാംഗങ്ങളുടെയും , വിവിധ സാഹചര്യങ്ങളിൽ മരണപ്പെടുന്ന ജവാന്മാരുടേയും, പാരാമിലിട്ടറി ഗ്രൂപ്പ് സേനാംഗങ്ങളുടെയും ഭൗതികശരീരം നാട്ടിലെത്തിക്കുമ്പോൾ ബഹു.മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും അടിയന്തിര സാമ്പത്തിക സഹായമായി മരണപ്പെടുന്ന സൈനികന്റെ/ പാരാമിലിട്ടറി/ ഗ്രൂപ്പ് സേനാംഗങ്ങളുടെയും ആശ്രിതർക്ക് നല്കുന്ന തുക 5,000/- രൂപയിൽ നിന്നും 15,000/- രൂപയായി വർദ്ധിപ്പിച്ച് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. നിലവിൽ നൽകുന്ന അടിയന്തിര സാമ്പത്തിക സഹായം വളരെ അപര്യാപ്തമായതിനാലും പ്രസ്തുത തുക 2011 ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത തുക 50,000/- രൂപയായി വർദ്ധിപ്പിക്കണമെന്ന് പരാമർശം 3 ലെ കത്ത് പ്രകാരം സൈനികക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അടിയന്തിര സാമ്പത്തിക സഹായം അനുവദിക്കുന്ന കേസുകളിൽ ബഹു.മുഖ്യമന്ത്രിയുടെ സാമ്പത്തിക സഹായത്തിന് അർഹതയുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ, ഈ തുക കുറവ് ചെയ്ത് വേണം നിർദ്ദേശം സമർപ്പിക്കാൻ എന്ന വ്യവസ്ഥയോടെ, ബഹു.മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നുള്ള അടിയന്തിര സാമ്പത്തിക സഹായമായ 15,000/- രൂപ 50,000/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

3. വർദ്ധിപ്പിച്ച നിരക്കിന് ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ.എം.കെ**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്-

1. പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ വകുപ്പ്), മെമ്പർ & ട്രഷറർ, മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധി.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ(A & E), തിരുവനന്തപുരം
5. ധനകാര്യം (ഫണ്ട്സ്) വകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സൈനികക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പി.എ
ജോയിന്റ് സെക്രട്ടറിയുടെ സി.എ